Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.in Email:shq@ksbsg.in

| Patron | President | State Chief Commissioner | State Secretary |
|---|---|---|---|
| JUSTICE P. SATHASIVAM | Prof. C. RAVEENDRANATH | K .V .MOHANKUMAR, IAS, | SAJITH .A .K |
| Hon'ble Governor of Kerala | Hon'ble Minister for Education | Director of Public Instructions | Phone : 9847306748 |

No. *A-2798/2017/KSBSG* Date. 21-11-2017

**MOST URGENT**

സ്വീകർത്താവ്,

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**

സർ,

വിഷയം: കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് - 2017-18 ലെ ജില്ല കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ- സംബന്ധിച്ച്

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സിന്റെ സംസ്ഥാന കാര്യാലയത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷം ജില്ലകൾക്ക് നൽകുന്ന ഗ്രാന്റിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഗ്രാന്റ് ലഭിക്കുന്നതിനായി ഇതോടൊപ്പമുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് **2017 ഡിസംബർ 10** നകം സംസ്ഥാന കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അയക്കണം. **അപൂർണവും വൈകി ലഭിക്കുന്നതുമായ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരി ക്കുന്നതല്ല.** അപേക്ഷകൾ വൈകാതിരിക്കാൻ സ്കാൻ ചെയ്ത് ഇമെയിൽ (***Email:*** *shq@ksbsg.in*)ചെയ്യുകയും ഒറിജിനൽ തപാലിൽ അയക്കുകയും വേണം.

ജില്ലകളെ മുൻ വർഷത്തെപ്പോലെ പ്രവർത്തന മികവ്, സ്കൂളുകളുടെ എണ്ണം, സെൻസസ് എന്നിവയുടെ അടിസ്ഥാനത്തിൽ നാല് ഗ്രേഡുകളായി തിരിക്കുകയും, നടപ്പുവർഷം ബഡ്ജറ്റിൽ ജില്ലകൾക്കുള്ള ഗ്രാന്റിനായി വകയിരുത്തിയിട്ടുള്ള തുക ജില്ലകൾക്ക് ഗ്രേഡ് അടി സ്ഥാനത്തിൽ വീതിച്ച് നൽകുകയാണ് ചെയ്യുക.

അപേക്ഷാ ഫോറത്തിൽ സത്യസന്ധമായ വിവരങ്ങളേ രേഖപ്പെടുത്താവൂ. SHQ ഓഡി റ്റിൽ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കുന്നതാണ്. അപേക്ഷാ ഫോറത്തിൽ തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത വർഷത്തെ മുഴുവൻ തുകയും തിരികെ പിടിക്കുന്നതും സംസ്ഥാന കാര്യാലയത്തിൽ നിന്ന് ജില്ലയ്ക്ക് നൽകേണ്ട മറ്റ് സാമ്പത്തിക സഹായങ്ങൾ ഭാവിയിൽ നിർത്തിവെക്കുന്നതുമായിരിക്കും. ജില്ലാ സെക്രട്ടറി, ട്രഷറർ, കമ്മീഷണർമാർ, ഡിസിസി എന്നിവർ ഒപ്പിടാത്ത അപേക്ഷകൾ നിരസി ക്കുന്നതാണ്.

അപേക്ഷാ ഫോറത്തോടൊപ്പം 2016-17 വർഷം ലഭിച്ച ഗ്രാന്റ് തുക വിനിയോഗിച്ചത് സംബ ന്ധിച്ച ***യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റും*** (സർക്കാർ നിഷ്കർഷിച്ച ഫോർമാറ്റുകൾ ഉള്ളടക്കം ചെയ്യുന്നു) കൂടി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

21/11/17

സ്റ്റേറ്റ് സെക്രട്ടറി